**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**
(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
CIN:U40100KL2011SGC027424
**രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം , തിരുവനന്തപുരം -695004 , കേരളം.**
**ഫോൺ : +91471 2514472 2514527 2514455 2514608**
**വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com**

No. PS1 (B)/Pensioners Lounge/2025 തീയതി: 04.04.2026

## പരിപത്രം

വിഷയം:- വിവിധ ആവശ്യങ്ങൾക്കായെത്തുന്ന പെൻഷൻകാർക്കായി ചില അക്കൗണ്ട് റെൻഡറിംഗ് യൂണിറ്റ് (എ.ആർ.യു) – കളിൽ ഏർപ്പെടുത്തിയിട്ടുള്ള വിശ്രമ മുറികളുടെ വിനിയോഗം എല്ലാ പെൻഷൻകാർക്കും പ്രയോജനപ്പെടുന്ന തരത്തിൽ ക്രമീകരിക്കുന്നതിനായുള്ള നിർദ്ദേശം – സംബന്ധിച്ച്.

സൂചന - കെ.എസ്.ഇ.ബി പെൻഷനേഴ്സ് കൂട്ടായ്മ സമർപ്പിച്ച 04.09.2024 & 05.06.2025 തീയതികൾ പ്രകാരമുള്ള കത്തുകൾ.

വിവിധ ആവശ്യങ്ങൾക്കായെത്തുന്ന പെൻഷൻകാർക്കായി , ചില എ.ആർ.യു – കളിൽ ഏർപ്പെടുത്തിയിട്ടുള്ള വിശ്രമ മുറികളുടെ വിനിയോഗം എല്ലാ പെൻഷൻകാർക്കും പ്രയോജനപ്പെടുന്ന തരത്തിൽ പുന : ക്രമീകരിക്കുന്നതിലേയ്ക്കായി, ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് ബന്ധപ്പെട്ട എ.ആർ.യു മേധാവികൾ ഉറപ്പുവരുത്തേണ്ടതാണ്.

1. പെൻഷൻകാർക്ക് വിശ്രമ മുറി അനുവദിച്ചിട്ടുണ്ടെങ്കിൽ അവിടെ ആവശ്യമായത്ര ഇരിപ്പിടങ്ങൾ , കുടിവെള്ളം, ഫാൻ, വെളിച്ചം എന്നിവ സജ്ജീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
2. വിശ്രമ മുറിയുടെ താക്കോൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തന്നെ സൂക്ഷിക്കേണ്ടതും, ഓഫീസ് സമയത്ത് പ്രസ്തുത മുറി ഉപയോഗിക്കാൻ താൽപര്യപ്പെടുന്ന പെൻഷൻകാരെ , ആയതിന് അനുവദിക്കേണ്ടതുമാണ്.
3. പെൻഷൻകാർക്കായുള്ള വിശ്രമ മുറി സംഘടനാ പ്രവർത്തനങ്ങൾ നടത്തുന്നതിനോ / സംഘടനകളുടെ രജിസ്റ്റർ , മാഗസിനുകൾ, പോസ്റ്റർ, ബാനർ, കൊടിതോരണങ്ങൾ, രസീത് മുതലായവ സൂക്ഷിക്കുന്നതിനോ ഉള്ള ഇടമാക്കാൻ ഒരിക്കലും അനുവദിക്കരുത്.

മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് , പെൻഷൻകാർക്കായി വിശ്രമ മുറി അനുവദിക്കപ്പെട്ടിട്ടുള്ള എല്ലാ എ.ആർ.യു കളുടേയും മേധാവികൾ ഉറപ്പുവരുത്തേണ്ടതാണ്.

**സെക്രട്ടറി (ഭരണം)**

പകർപ്പ് : എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ഫിനാൻഷ്യൽ അഡ്വൈസർ /ചീഫ് ഇന്റേണൽ ഓഡിറ്റർ/ ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ/ചീഫ് വിജിലൻസ് ഓഫീസർ/ കമ്പനി സെക്രട്ടറി /എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും / ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ/ ടി. എ ടു ഡയറക്ടർ (എച്ച്.ആർ.എം, സ്പോർട്സ്, വെൽഫയർ, സേഫ്റ്റി & ക്വാളിറ്റി അഷ്വറൻസ്)/ ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ & എസ്.സി.എം)/ ടി. എ ടു ഡയറക്ടർ (ജനറേഷൻ – ഇലക്ട്രിക്കൽ, റീസ്, സൗര)/ ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ & എസ്.ഒ ഫുൾ അഡീഷണൽ ചാർജ്ജ് )/എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും/ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ) പി. എ ടു ഡയറക്ടർ(ഫിനാൻസ്) /എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും/സി.എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)/ ലൈബ്രറി/സ്റ്റോക്ക് ഫയൽ.